# INTERNATIONAL INDIAN SCHOOL DAMMAM
## Questions compiled from previous years board papers

**CLASS : X** **SUB : MALAYALAM** **CODE : 012**
**TIME : 3 HRS** **MAX . MARKS : 80**

**GENERAL INSTRUCTIONS :**
**The question paper is divided into two sections :**
**Section A : Reading Comprehension**
**: Vocabulary Building & prose & poetry ( MCQ) : 40 M**
**Section B : Grammar , Composition**
**: Literature ( Prose , Poetry & Non - detailed ) : 40 M**

## SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :
( ഓരോന്നിനും 1 മാർക്കു വീതം ) **( 8 X 1 = 8 )**

പദ്യ സാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യങ്ങൾ . പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായികാനായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി . വാല്മീകിരാമായണത്തിലെ കിഷ്കിന്ധാ കാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്കു ദൂതു നൽകുന്നതും , നള - ദമയന്തി കഥയിൽ ദൂതുമായി പോകുന്ന ഹംസവുമെല്ലാം സന്ദേശകാവ്യത്തിന്റെ ആദ്യകാല മാതൃകകളാണ് .സംസ്കൃതത്തിൽ നിന്നു മലയാളത്തിലേയ്ക്കു കടന്നുവന്ന ഒരു സാഹിത്യപ്രസ്ഥാനമാണ് ഇത് . കാളിദാസന്റെ മേഘദൂതിന്റെ അനുകരണങ്ങളായിത്തന്നെയാണ് ഇവ ഭാഷയിൽ പ്രത്യക്ഷപ്പെട്ടത് . കഥാഘടനയിൽ വ്യത്യാസങ്ങളില്ല . നായികാനായകന്മാരും സന്ദേശവാഹകരും വ്യത്യാസപ്പെടുന്നുവെന്നുമാത്രം . പ്രണയപരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടിവരിക , വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനേയോ വ്യക്തിയേയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക , അങ്ങനെ ഇരുവരുടേയും ഉത്കണ്ഠക്ക് ശമനം വരുത്തുക - ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലിക ഘടന . നായകൻ , നായിക , സന്ദേശവാഹകൻ - ഇവരാണ് മുഖ്യകഥാപാത്രങ്ങൾ . സന്ദേശകാവ്യത്തിന് രണ്ടു ഭാഗങ്ങളുണ്ട് - പൂർവ്വഭാഗവും ഉത്തരഭാഗവും . പൂർവ്വഭാഗത്ത് സന്ദേശം അയയ്ക്കാനുള്ള കാരണം , സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം , മാർഗ്ഗവിവരണം ഇവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലവർണ്ണന , നായികാവർണ്ണന , സന്ദേശം ഇവയും ഉൾപ്പെടുന്നു . മന്ദാക്രാന്താ വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ളത് . സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം ശൃംഗാരമാണ് . മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള പ്രധാന സന്ദേശകാവ്യങ്ങൾ ഉണ്ണുനീലിസന്ദേശം , ചക്രവാകസന്ദേശം , മയൂരസന്ദേശം , ഭൃംഗസന്ദേശം , ഹംസസന്ദേശം , ദാത്യൂഹസന്ദേശം , കോകിലസന്ദേശം , ഗരുഡസന്ദേശം തുടങ്ങിവയാണ് .

ചോദ്യങ്ങൾ -

( a ) സന്ദേശകാവ്യങ്ങളുടെ രീതിയെന്ത് ?
( b ) സന്ദേശകാവ്യങ്ങളുടെ ആദ്യകാല മാതൃകകൾ ഏവ ?
( c ) മലയാളഭാഷയിലുണ്ടായ രണ്ട് സന്ദേശകാവ്യങ്ങളുടെ പേരെഴുതുക .
( d ) സന്ദേശകാവ്യങ്ങൾക്ക് പൊതുവായി എത്ര ഭാഗങ്ങളുണ്ട് ?
( e ) സന്ദേശകാവ്യങ്ങളിലെ അംഗിയായ രസമെന്ത് ?
( f ) സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കാറുള്ള വൃത്തമേത് ?
( g ) സന്ദേശകാവ്യത്തിലെ മുഖ്യകഥാപാത്രങ്ങൾ ആരൊക്കെയാണ് ?
( h ) സന്ദേശകാവ്യങ്ങൾ ഭാഷയിൽ പ്രത്യപ്പെട്ടതെങ്ങനെ ?

2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :
( ഓരോന്നിനും 1 മാർക്കു വീതം ) ( 7X 1 = 7 )

ആധുനികയുഗത്തിലെ ശക്തമായ കലാരൂപം സിനിമതന്നെയാണ്. വിനോദരൂപമെന്ന നിലയിലും വിമർശനരൂപമെന്ന നിലയിലും സിനിമ സമൂഹത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു . 1896 ലാണ് സിനിമ ഭാരതത്തിൽ ആദ്യമായി പ്രദർശിപ്പിച്ചത് . 1897 - ൽ കൽക്കത്തയിലായിലായിരുന്നു.ഇന്ത്യയിലെ ആദ്യത്തെ ചിത്രം ചിത്രീകരിച്ചത്. 1913 ൽ പ്രദർശിപ്പിച്ച രാജാഹരിശ്ചന്ദ്രയാണ് ആദ്യത്തെ കഥാചിത്രം . ദാദാസാഹിബ് ഫാൽക്കെയായിരുന്നു അത് നിർമ്മിച്ചത്. ദേശീയതലത്തിൽ സിനിമയ്ക്കുള്ള ഏറ്റവും വലിയ അവാർഡായ ദാദാസാഹിബ് ഫാൽക്കെ അവാർഡ് അദ്ദേഹത്തിന്റെ പേരിലാണ് . 1955 ൽ സത്യജിത്ത് റേ പഥേർ പാഞ്ചാലി എന്ന ചിത്രം സംവിധാനം ചെയ്തതോടെ ഇന്ത്യൻ സിനിമയ്ക്ക് മറ്റൊരു മുഖം കൂടി വന്നുചേർന്നു . സിനിമയുടെ ചരിത്രം കേരളത്തിൽ ആരംഭിക്കുന്നത് 1928 - ൽ നിർമ്മിച്ച വിഗതകുമാരൻ എന്ന നിശബ്ദ ചലച്ചിത്രത്തോടുകൂടിയാണ്. 1938 ലാണ് മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രമായ ബാലൻ പുറത്തുവരുന്നത് . 1950കൾക്കുശേഷം മലയാളസിനിമ ലോകസിനിമയോടൊപ്പം വളരാൻ തുടങ്ങി . 1965ൽ ഒന്ന് രാഷ്ട്രപതിയുടെ സ്വർണ്ണ മെഡൽ നേടിയ ആദ്യമലയാള ചിത്രമായി ചെമ്മീൻ ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടപ്പോൾ , മലയാളസിനിമ ഭാരതത്തിൽ നവയുഗം കുറിക്കുകയായിരുന്നു . ലോകത്തിലെ ഏറ്റവും വലിയ വിനോദോപാധികളിൽ ഒന്ന്സിനിമ തന്നെയാണ്. മാനസിക സംതൃപ്തിയാണ് പ്രേക്ഷകനു സിനിമ നൽകുന്നത്. സിനിമ വലിയ വിദ്യാഭ്യാസോപാധികൂടിയാണ് . കേട്ട് പഠിക്കുന്നതിന് പകരം കണ്ട്പഠിക്കുന്നതിന് കൂടി അവസരമൊരുക്കുന്നു . രക്തചംക്രണ വ്യവസ്ഥയെക്കുറിച്ച് വാൾട്ട് ഡിസ്നി നിർമ്മിച്ച ചിത്രമാണ് ലോകത്തിലെ പ്രധാന ബോധനചിത്രം . സമൂഹത്തെ ബോധവത്ക്കരിക്കുന്നതിൽ ഡോക്യുമെന്ററികൾക്കുള്ള പ്രാധാന്യം വളരെ വലുതാണ് . പാരിസ്ഥിതിക ചൂഷണത്തിന് എതിരെ ആനന്ദ് പട് വർധൻ നിർമ്മിച്ചിട്ടുള്ള ഡോക്യുമെന്ററി കണ്ടാൽ സമൂഹവും സിനിമയുമായുള്ള ബന്ധം മനസ്സിലാക്കാൻ കഴിയും. നിരവധി ജീവിതമൂല്യങ്ങളും നൂതനചിന്തകളും സമൂഹത്തിനു സമ്മാനിക്കുവാൻ സിനിമയ്ക്കു കഴിയുന്നു . അതുകൊണ്ടുതന്നെ മതമൈത്രി , സാഹോദര്യം , സ്നേഹം എന്നിങ്ങനെയുള്ള സദാചാരമൂല്യങ്ങൾ സിനിമയിലൂടെ പകർന്നു നൽകുവാൻ നാം ഓരോരുത്തരും ശ്രമിക്കണം.

**ചോദ്യങ്ങൾ**

( a ) മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രമേത് ?
( b ) സിനിമയുടെ ചരിത്രം കേരളത്തിൽ ആരംഭിക്കുന്നതെങ്ങനെ ?
( c ) മലയാളസിനിമ ഭാരതത്തിൽ നവയുഗംകുറിച്ചതെപ്പോഴാണ് ?
( d ) ദേശീയതലത്തിൽ സിനിമയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ഏറ്റവും വലിയ അവാർഡ് ഏത് ?
( e ) സിനിമ പ്രേക്ഷകനു നൽകുന്നതെന്താണ് ?
( f ) ഇന്ത്യയിലെ ആദ്യത്തെ കഥാചിത്രമേത് ? നിർമ്മിച്ചതാര് ?
( g ) ലോകത്തിലെ പ്രധാന ബോധനചിത്രമേത് ?

3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. ( ഓരോന്നിനും 1 മാർക്കു വീതം ) ( 7 X 1 = 7 )

3. ( a ) പക്ഷി എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

a. പക്ഷിണി b. പക്ഷിനി c. പക്ഷിപതി d. പക്ഷീയ

3. ( b ) പാടം എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

a. കുസുമം b. കേദാരം c. ക്രമുകം d. മുറ്റം

3. ( c ) വിയോഗം എന്നതിന്റെ വിപരീതപദം ഏത് ?

a. സുയോഗം b. യോഗം c. സയോഗം d. സംയോഗം

3. ( d ) ആധി - വ്യാധി എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ് ?

a. മുറ്റം - വള b. സങ്കടം - രോഗം
c. യുദ്ധം - നിറം d. ആസനം - ശരീരം

3. ( e ) പൂരിതാഭ എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത് ?

a. പൂരിതത്തിന്റെ ആഭ b. പൂരിതമായ ആഭ

c. പൂരിതമാകുന്ന ആഭ d. പൂരിതമെന്ന ആഭ

3. ( f ) സംസാരം എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തത് ഇവയിൽ ഏതാണ് ?

a. ജീവിതം  b. മാളിക  c. ലോകം  d. വർത്തമാനം

3. ( g ) മോക്ഷത്തെ അർഥിക്കുന്നവൻ എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ് ?

a. ജിജ്ഞാസു  b. മോക്ഷാർഥി  c. മോക്ഷാർഥിനി  d. ഉൽപതിഷ്ണു

3. ( h ) താഴെ തന്നിരിക്കുന്നവയിൽ ' ദിഷ്ടം 'എന്ന പദത്തിന്റെ അർത്ഥം ഏത് ?

a. ഭാഗ്യം  b. നാശം  c. ദർശനം  d. കണ്ണ്

3. ( i )സുഖോദയം എന്നതിന്റെ ശരിയായ പിരിച്ചെഴുത്ത് ?

a. സുഖ + ഉദയം  b. സുഖോ + ദയം  c. സു + ഉദയം  d. സുഖ+ ഓദയം

4. ( j ) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക .

a. ആമ്രേഢഴിതം  b. ആമ്രഡിതം  c. ആമ്രേഡിതം  d. ആമ്രേടിതം

4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക ( ഓരോന്നിനും 2 മാർക്കു വീതം )  ( 9 X 2 = 18 )

( a ) " അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ "

( i ) സ്വന്തം ജീവിതം അന്യർക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതാരാണ് ?

a. ശരീരികൾ  b. ഭാവശാലികൾ  c.സന്യാസികൾ  d. വിവേകികൾ

( ii ) നളിനി എന്ന കാവ്യത്തിന്റെ മറ്റൊരു പേരെന്ത് ?

a. സ്നേഹിത  b. കളിക്കൂട്ടുകാർ  c. ഒരു മൊഴി  d. ഒരു സ്നേഹം

( b ) " ഒര് റേഡിയോ വാങ്ങിക്കണം സുക്ക്യോ "

( i ) ആരാണ് ഇങ്ങനെ പറഞ്ഞത് ?

a. കണ്ടക്ടർ  b. ചെമ്പുമത്തായി  c. ചാക്കുണ്ണി  d. മത്തായിമൂപ്പർ

( ii ) അയാൾ അഭിമാനത്തോടെ പറഞ്ഞപ്പോൾ അത് കേട്ടവരുടെ ഭാവം
എന്തായിരുന്നു ?

a. അസൂയ b. ആദരവ് c. പരിഹാസം d. ദേഷ്യം

( c ) " ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ "

( i ) ഭോഗങ്ങളെ എന്തിനോടാണ് താരതമ്യം ചെയ്യുന്നത് ?

a. സംസാരത്തോട് b. ആലയത്തോട്
c. മിന്നൽപ്പിണരിനോട് d. പെരുവഴിയോട്

( ii ) വേഗേന നഷ്ടമാകുന്നതെന്ത് ?

a. ഓർമ്മ b. സുഖം c. അഗ്നി d. ആയുസ്സ്

( d ) ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ.

( i ) ആരോടാണ് ഇങ്ങനെ പറഞ്ഞത് ?

a. മരയ്ക്കാർ വെള്ളായിയപ്പനോട് b. വെള്ളായിയപ്പൻ മരയ്ക്കാരോട്
c. ചാക്കുണ്ണി ചെമ്പുമത്തായിയോട് d. വെള്ളായിയപ്പൻ കണ്ടുണ്ണിയോട്

( ii ) എന്താണ് കൈയിൽ ഉണ്ടായിരുന്നത് ?

a. റേഡിയോ b. പൊതിച്ചോറ് c. ബാറ്ററി d. ചീട്ട്

( e ) ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം

( i ) അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏതു കാണ്ഡത്തിലെ വരികളാണിവ ?

a. ബാലകാണ്ഡം b. അയോധ്യാകാണ്ഡം c. ആരണ്യകാണ്ഡം d. സുന്ദരകാണ്ഡം

( ii ) ബുധജനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

a. കോപമുള്ളവൻ b. അറിവുള്ളവൻ c. കൂടെപ്പിറന്നവൻ d. ബ്രാഹ്മണൻ

( f ) " കേണുവാണിവിടെ യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "

( i ) നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന പ്രിയമെന്താണ് ?

a. സന്യാസജീവിതം  b. ദിവാകരദർശനം  c. ഈശ്വരദർശനം  d. പഴയജീവിതം

( ii ) നളിനി എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽ പെടുന്നു ?

a. ഖണ്ഡകാവ്യം  b. കവിത  c. കിളിപ്പാട്ട്  d. മഹാകാവ്യം

( g ) " അതവിടെ ഇരുന്നോട്ടെ ചാക്കുണ്ണ്യേ തിരിച്ചു കൊണ്ടു പോവുമ്പോ
നെനക്കെടുക്കാലോ. "

( i ) എപ്പോഴാണ് ഇങ്ങനെ പറഞ്ഞത് ?

a. റേഡിയോയിൽ നിന്ന് ബാറ്ററികൾ തിരിച്ചെടുത്തപ്പോൾ
b. തയ്യൽസാധനങ്ങൾ തിരിച്ചെടുത്തപ്പോൾ
c. മരുന്നുകൾ തിരിച്ചെടുത്തപ്പോൾ
d. റേഡിയോ തിരിച്ചെടുത്തപ്പോൾ

( ii ) ചെമ്പുമത്തായിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു ?

a. പണയം കൊടുക്കാതിരിക്കൽ  b. ധനസമ്പാദനം
c. കലാസ്വാദനം  d. മലയാറ്റൂർക്ക് പോവുക

( h ) "രാഗാദിസങ്കുലമായുള്ള സംസാരം"

( i ) സംസാരത്തെ എന്തിനുതുല്യമാണെന്നാണ് എഴുത്തച്ഛൻ പറയുന്നത് ?

a. പാമ്പിനു തുല്യം  b. ക്ഷണപ്രഭയ്ക്കു തുല്യം
c. ബ്രാഹ്മണനുതുല്യം  d. സ്വപ്നതുല്യം

( ii ) എഴുത്തച്ഛൻ ജീവിച്ചിരുന്ന കാലം ഏതാണ് ?

a. പതിനാലാംനൂറ്റാണ്ട്  b. പതിനഞ്ചാംനൂറ്റാണ്ട്
c. പതിനാറാംനൂറ്റാണ്ട്  d. പതിനെട്ടാംനൂറ്റാണ്ട്

( i ) " സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു
പോലെ അയാൾക്കു തോന്നി "

( i ) ആർക്ക് ഏത് സന്ദർഭത്തിലാണ് ഇങ്ങനെ തോന്നിയത് ?

a. ചാക്കുണ്ണിക്ക് , റേഡിയോ പണയം വയ്ക്കുമ്പോൾ
b. ചാക്കുണ്ണിക്ക് , മകന് രോഗം വന്നപ്പോൾ
c. മത്തായിമാപ്പിളക്ക് , റേഡിയോ എവിടെ സൂക്ഷിക്കുമെന്നോർത്തപ്പോൾ
d. ചാക്കുണ്ണിക്ക് , കൊടുക്കാനുള്ള പണത്തെക്കുറിച്ചോർത്തപ്പോൾ

( ii ) ഇ.സന്തോഷ്കുമാറിന് കേരളബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെഅവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

a. ചിദംബര രഹസ്യം b. അന്ധകാരനഴി
c. കാക്കരദേശത്തെ ഉറുമ്പുകൾ d. ഗാലപ്പഗോസ്

( j ) ‘ ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത് ? ’

( i ) വെള്ളായിയപ്പനോട് ഇങ്ങനെ ചോദിച്ചതാരാണ് ?

a. മരയ്ക്കാർ b. നീലിമണ്ണാത്തി c. പാറാവുകാരൻ d. കോടച്ചി

( ii ) തന്നിരിക്കുന്നവയിൽ ഒ . വി . വിജയൻ രചിച്ചതല്ലാത്ത കൃതിയേത് .

a. ധർമ്മപുരാണം b. നീർമാതളം പൂത്തകാലം c. ഗുരുസാഗരം d. തലമുറകൾ

## SECTION B

5.5 ( a ) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക .

( 2 X 1 = 2 )

( i )കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ തന്റെ യാത്ര തുടർന്നു .
( ii )അയാൾ വരമ്പ് മുറിച്ചു കടക്കുമ്പോൾ എതിരെ വരുന്നവർ റേഡിയോ ശ്രദ്ധിക്കുമായിരുന്നു .

5. ( b ) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക . ( 2 X 1 = 2 )

( i ) രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ , മൗനത്തിൽ അച്ഛനും മകനും അറിവുകൾ തമ്മിൽ പരസ്പരം കൈമാറി .

( ii )ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ സാദരം ആദരവോടെ നോക്കി .

**5.** ( c ) പ്രയോഗം മാറ്റുക ( 2 X 1 = 2 )

( i ) പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു .
( ii ) വെള്ളായിയപ്പന് ഭാര്യ പൊതിച്ചോറ് നൽകി .

**5.** ( d ) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക . ( 2 X 1 = 2 )

( i ) ആശ്വസിപ്പിക്കുക ( ii ) നിജം വരുത്തുക ( iii ) കണ്ഠശുദ്ധിവരുത്തുക

**6.** ( a ) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക . ഓരോന്നിനും 5 മാർക്ക് വീതം . ( 5 )

സ്ത്രീകളുടെ സുരക്ഷ - ഇന്ന്

**OR**

മാധ്യമങ്ങൾ യുവജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം .

**6.**(b) ലഹരിമരുന്നു വ്യാപാരത്തിന്റെ നാടായി മാറുകയാണോ കേരളം എന്ന ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്ക് ഒരു കത്ത് തയ്യാറാക്കുക . ( 5 )

**6.** ( c ) അശരണർക്ക് സാന്ത്വനമേകാൻ പദ്ധതി ആവിഷ്കരിച്ച് സ്കൂൾകുട്ടികൾ മാതൃകയാകുന്നു. ഈ വിഷയത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക ( 4 )

**7.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക . ( 2 X 3 = 6 )

**7.** ( a ) കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറിന് സവിശേഷമായ ഒരു സ്ഥാനമാണുള്ളത്. വിശകലനം ചെയ്യുക

**7.** ( b ) പണയം എന്ന കഥയിൽ റേഡിയോ ശക്തമായ ഒരു സാന്നിധ്യമായി തീരുന്നത് എങ്ങനെയെന്നു വിശദീകരിക്കുക .

**7.** ( c ) കടൽത്തീരത്ത് എന്ന കഥയുടെ ഏറ്റവും വലിയ സവിശേഷത അതിലെ മൗനങ്ങളാണ് — സമർത്ഥിക്കുക

**8.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക . ( ഓരോന്നിനും 3 മാർക്കു വീതം ) **( 2 X 3 = 6 )**

**8.** ( a ) പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു
മെത്രയും ചഞ്ചലമാലയസംഗമം
സന്ദർഭവും ആശയവുംവിശദീകരിക്കുക

**8.** ( b ) പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ -
ധാരായാർന്ന പനിനീർ സുമോപമം . ”
സന്ദർഭവും ആശയവുംവിശദീകരിക്കുക

**8.**(c) എങ്ങനെയെല്ലാമാണ്എഴുത്തച്ഛൻ ജീവിതത്തിന്റെ നശ്വരതയെ വർണ്ണിക്കുന്നത് ?

**9.** തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക . ( ഓരോന്നിനും 3 മാർക്കു വീതം ) **( 2 X 3 = 6 )**

**9.** ( a ) ചട്ടമ്പിക്ക് ‘ വിദ്യാധിരാജൻ ’ എന്ന വിശേഷണം ലഭിച്ചതെങ്ങനെ ?

**9.** ( b ) തൈക്കാട് അയ്യാവുസ്വാമിയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക ?

**9.** ( c ) ചട്ടമ്പിക്ക് 'ബാലാഹ്വൻ ' എന്ന പേര് ലഭിച്ചതെങ്ങനെ ?